ലപ്രസി ഹെൽത്ത് വിസിറ്റർ റാങ്ക് ലിസ്റ്റ്

1536. [2301] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന ലപ്രസി ഹെൽത്ത് വിസിറ്റർ റാങ്ക് ലിസ്റ്റിൽനിന്നും എത്രപേരെ ട്രെയിനിംഗിന് വിളിച്ചു ;

(ബി) വയനാട് ജില്ലയിലെ ലപ്രസിയെക്കുറിച്ചുള്ള സെൻസസ് പൂർണ്ണമായോ ; അവിടെ പുതിയ ലപ്രസി സെൻറർ തുറക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ ;

(സി) നിലവിലുള്ള ലെപ്രസി ഹെൽത്ത് വിസിറ്റർ റാങ്ക് ലിസ്റ്റിൽ ഉള്ള എല്ലാവരേയും ട്രെയിനിംഗിന് വിളിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 113 പേരെ

(ബി) ഇല്ല. 1986-87-ൽ വയനാട് രണ്ട് കുഷ്ഠരോഗനിവാരണ യൂണിറ്റുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 1987-88-ൽ കൂടുതൽ കുഷ്ഠരോഗ നിവാരണ യൂണിറ്റുകൾ അനുവദിച്ചു കിട്ടാൻ കേന്ദ്രാനുമതി ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) എല്ലാവരേയും ട്രെയിനിംഗിന് വിളിക്കാൻ സാദ്ധ്യതയില്ല. നിയമനത്തിന് ആവശ്യമുള്ളവരെ വേക്കൻസി അനുസരിച്ച് പി. എസ്. സി. വഴി തെരഞ്ഞെടുത്ത് ട്രെയിനിംഗ് നൽകുകയാണ്.

ജില്ലാ ആശുപത്രികളിലെ എക്സ്റേ സൗകര്യം

1537. [2302] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളിലും എക്സ്റേ സൗകര്യം ഉണ്ടോ ;

(ബി) മഞ്ചേരി ജില്ലാ ആശുപത്രിയിൽ എക്സ്റേ ഉണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത് പ്രവർത്തനക്ഷമമാണോ ;

(ഡി) അല്ലെങ്കിൽ ഇത് മുടങ്ങിയിട്ട് എത്ര കാലമായി ;

(ഇ) ഇത് എന്ന് പ്രവർത്തിച്ചു തുടങ്ങുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇടുക്കി ജില്ലാ ആശുപത്രി ഒഴിച്ച് മറ്റെല്ലാ ജില്ലാ ആശുപത്രികളിലും എക്സ്റേ സൗകര്യം ഉണ്ട്.

(ബി) ഉണ്ട്.

(സി) രണ്ടെണ്ണം ഉള്ളതിൽ ഒന്ന് പ്രവർത്തനക്ഷമമല്ല.

(ഡി) ഇത് 14-5-1985 മുതൽ പ്രവർത്തിക്കാതിരിക്കുകയാണ്.

(ഇ) ഇത് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. എന്ന മുതൽ പ്രവർത്തനക്ഷമമാകുമെന്ന് ഇപ്പോൾ വ്യക്തമാക്കുവാൻ നിർവ്വാഹമില്ല

മനോരോഗികൾ

1538. [2303 ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള മനോരോഗാശുപത്രികളിൽ ഇപ്പോൾ ആകെ രോഗികളിൽ എത്ര സ്ത്രീകളും എത്ര പുരുഷൻമാരുമുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly